Sir, one question more I want to place before the House. That we are living in difficult days reqiures no reiteration. Practically in all countries of Europe, there is the law of conscription which enables the governments to pick up the flower of youth and send them to victory, not only to victory, but to certain death. That is done in the interest of the State, in the interests of civilisation. And in our own country under the Defence of Travancore Rules, Government have the power to take possession of property belonging to any private person. It is absolutely essential. That being the case, no objection can be taken to the power exercised by Government in collaboration with the Conservator of Forests, to select such places from within the forerts if they are suitable and declare that, for the purposes of this emergency, they should be utilised. But the whole question is one of prudence and is also one of forwardness. When I listened to my friend Mr. Thariatu Kunjithomman's speech on the general discussion of the Budget, one or two ideas which he gave, struck me as very good. That is, there is the taungya system. There is even at present the practice of the Forest Department allowing people to cultivate certain lands, provided, they would plant and rear a certain number of other forest trees. Let me correct myself. I do not want all that put down in pell-mell, but only in suitable places. If, therefore, something like that is done, if people are allowed to cultivate lands for 3 or 5 or 7 or 12 years and if at the same time they are told "you shall get the land only if you plant the trees, and take care of the trees so that when you surrender the lands, they would be in good condition" and if very stringent action is taken against those who usurp the powers of the Forest Department and cut away the trees, Sir, it will be a very great thing indeed. I would therefore say that the motion is one which deserves very careful attention on the part of Government and I would invite the attention of the Conservator of Forests who, I am sure, will bestow sufficient attention consistent with the claims of the Forest Department.

**MR. K. P. KOCHUKORA THARAKAN:** സർ, ഫാറസ്ററ ഡിപ്പാർട്ടുമെൻറിലേക്കുള്ള ൧൩ കട്ട് മോഷനുകളിൽ ൯ എണ്ണവും സ്ഥലം പതിച്ചു കിട്ടുന്നതിനെപ്പററിയാണ്. സ്ഥലം പതിച്ചുകൊടുക്കുവാൻ സാധിക്കയില്ല എന്ന് ഗവൺമെൻറ് നിർബ്ബന്ധമായി പറഞ്ഞിരിക്കുന്നതുകൊണ്ട്, അതിനേപ്പററി ഒരു വാദം പുറപ്പെടുവിക്കാൻ ഞാൻ ഒരുങ്ങുന്നില്ല. നമ്മുടെ റിസർവ്വ് ഫാറസ്റ്റ് ഏകദേശം രാജ്യത്തിൻെറ മൂന്നിലൊരു ഭാഗംവരും, അതായതു ൨൮൮൮ ചതുരശ്രമൈയിൽ ൩൩൭ ഏക്കർ ആണെന്നു തോന്നുന്നു, അന്യ രാജ്യങ്ങളിൽനിന്നും നമുക്കു ആവശ്യ

മുള്ള ഭക്ഷണസാധനങ്ങൾ കിട്ടുന്നില്ലാ എന്നു നാം കാണുമ്പോൾ അതിന്റെ അഭാവത്തിനെ പരിഹരിക്കുന്നതിനായിട്ട് എന്തെങ്കിലും ഒരു പോംവഴി ചെയ്യേ മതിയാകൂ. റിസർവിൽനിന്നും കൃഷിക്കായി സ്ഥലങ്ങൾ പതിച്ചുകൊടുത്താൽ, ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റു തുലഞ്ഞു പോകുമെന്നും, പി. ഡബ്ളിയു. ഡിപ്പാർട്ടുമെന്റ് പ്രവർത്തനരഹിതമായിപ്പോകുമെന്നും മഴ തിരുവിതാംകൂറിൽ കണികാണാൻപോലും കിട്ടുകയില്ലെന്നും മററും ചില മെമ്പറന്മാർക്കും ഗവൺമെന്റിനും ഒരു തെററായ ധാരണയുള്ളതുപോലെ എനിക്കു തോന്നുന്നു. എനിക്ക് പറയുവാനുള്ളതു ഈ മാതിരിയുള്ള സ്ഥലങ്ങൾ കൃഷിക്കു വിട്ടുകൊടുത്തതുകൊണ്ട്, അതിലുള്ള ഉപയോഗശൂന്യമായ പാഴ്വൃക്ഷങ്ങൾ നശിക്കയും, അതിനു പകരം മനുഷ്യർക്ക് ഉപകാരമുള്ള നല്ലതരം വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കയും ചെയ്യുന്നതിനു ഏർപ്പാടുചെയ്യാം. അങ്ങിനെയുള്ള ഒരു വ്യവസ്ഥയിൽ ഗവൺമെന്റു ഭൂമി കൊടുത്താൽ മതി. ഇപ്പോഴത്തെ അടിയന്തിരാവസ്ഥയെ പരിഗണിച്ച്, രാജ്യത്തുള്ള പൌരന്മാരുടെ പട്ടിണിപ്രശ്നത്തെ പുരസ്കരിച്ച്, അവരുടെ ക്ഷേമത്തേയും ഐശ്വര്യത്തേയും ലാക്കാക്കി സൌകര്യമുള്ള സ്ഥലങ്ങൾ ഇഷ്ടംപോലെ ഒരു ൰ കൊല്ലത്തേക്കെങ്കിലും കുത്തകപ്പാട്ടം കൊടുക്കുന്നതു ക്ഷന്തവ്യമല്ലാത്ത ഒരു പാപമാണെന്ന് ഞാൻ വിചാരിക്കുന്നില്ല. അതല്ലാതെ, വല്ലടിക്കിലും, ൫൪൦൦൦ ഏക്കറ് എന്നും, ൩൪൦൦൦ ഏക്കറെന്നും ഉള്ള വ്യവസ്ഥയിന്മേൽ കൃഷിയ്ക്കു ലേലത്തിൽ കൊടുക്കാൻ തുടങ്ങിയാൽ പണക്കാർക്കല്ലാതെ പാവങ്ങൾക്ക് അതുകൊണ്ട് യാതൊരു ഗുണവുമില്ല. പെരിയാറിന്റെ തീരസ്ഥലങ്ങളിൽ ഒരു പതിനായിരം ഏക്കറുവരെ കൃഷിചെയ്യുന്നതിനു സൌകര്യപ്പെടുത്താം. അതിനു ചുരുങ്ങിയ ചെലവിൽ ഫ്ളോഇറിഗേഷൻ (വെള്ളച്ചാട്ടങ്ങളുടെ മുകളിൽനിന്നും) ചാനൽ വെട്ടിയിറക്കു വേണ്ടതു ചെയ്യേണ്ടതാണു. അങ്ങിനെ ആയാൽ ജലദുർഭിക്ഷം ഉണ്ടാകയില്ല. ഇതുപോലെ അനവധി സ്ഥലങ്ങൾ രാജ്യത്തിനകത്തുണ്ട്. അതിനാൽ ഒരു ആറു ലക്ഷം ഏക്കറോ അതിനോടു അടുത്തോ നെൽകൃഷിക്കായി കുത്തകപ്പാട്ടത്തിനു വിട്ടുകൊടുക്കണം. നമുക്കു വെളിയിൽനിന്നും ആവശ്യം വേണ്ട ഭക്ഷണസാധനം പ്രത്യേകിച്ചു നാം പരിചയിച്ചിരിക്കുന്ന അരി കിട്ടാൻ പ്രയാസം വന്നിരിക്കുന്നു. നമ്മുടെ നാട്ടിലെ ആവശ്യത്തിനു മാത്രം ഇവിടെ വിളയുന്നില്ല. ഇപ്പോൾ ൰ ലക്ഷം ഏക്കർ നിലം കൃഷികൊണ്ട് ൪൩% ഭക്ഷണത്തിനുണ്ടെന്നു പറയുന്നസ്ഥിതിയ്ക്കു വേറൊരു ൰ ലക്ഷം കൂടെ കൃഷിചെയ്യിച്ചാൽ പാരതന്ത്ര്യം കൂടാതെ നമുക്കു കഴിച്ചു

[Mr. P. C. Adichan]

കൂട്ടുവാൻ മാർഗ്ഗമുണ്ടാകുമെന്നുള്ള സംഗതിയെ മുൻനിർത്തിയും അത്രയും സ്ഥലം ഒരു പത്തുകൊല്ലം കഴിയുമ്പോൾ വിലയുള്ള നല്ല വൃക്ഷങ്ങൾ നില്ക്കുന്ന ശരിയായ ഒരു തോട്ടമായി തീരുമെന്നുമുള്ള സംഗതികളെ മുൻനിർത്തിയും ഈ ഭൂമികളെ വെറുതേ ഇട്ടേക്കേണ്ട ഒരവസ്ഥയല്ലാ ഇപ്പോഴുള്ളത്. ഗവണ്മെൻറ് ഈ കാര്യത്തിൽ ഒരു അടിയന്തിരനടപടി തുടങ്ങേണ്ട കാലം അതിക്രമിച്ചിരിക്കുന്നു എന്ന് ഉൽബോധിപ്പിച്ചുകൊണ്ട് ഉപക്ഷേപത്തിന്റെ തത്വത്തോടു യോജിക്കുന്നു.

MR. P. C. ADICHAN : സർ, വനങ്ങളിൽ നിന്നും ചതുപ്പുനിലങ്ങൾ ധാരാളമായി കൃഷിക്കായിട്ടു കൊടുക്കുന്നതായാൽ, വനങ്ങൾ ഇല്ലാതാകുമെന്നും മററുമാണ്, ചില മെമ്പറന്മാർ പ്രസ്താവിക്കുന്നത്. എന്നാൽ അപ്രകാരം കൊടുക്കുന്നതിൽ വനങ്ങൾക്ക് യാതൊരു ഹാനിയും വരുന്നില്ല എന്ന് എനിക്ക് ഉദാഹരണസഹിതം പറയാൻ കഴിയും. ചതുപ്പുനിലങ്ങൾ കുത്തകപ്പാട്ടത്തിനു കൊടുത്തിട്ടുള്ള പല സ്ഥലങ്ങളിലും സഞ്ചരിച്ച് കാര്യങ്ങൾ വിശദമായി മനസ്സിലാക്കിയിട്ടുള്ള ഒരുത്തനാണ് ഞാൻ. അപ്രകാരം കുത്തകപ്പാട്ടത്തിനു കൊടുത്തിട്ടുള്ളത് വൃക്ഷങ്ങളില്ലാത്ത ഭൂമിയാണെന്നു എനിക്കു നേരിട്ടറിയാം. തിരുവിതാംകൂറിന്റെ കിഴക്കുഭാഗത്ത് വടക്കേ അററം മുതൽ തെക്കേയററംവരെ നോക്കിയാൽ അനേകം സ്ഥലങ്ങൾ കുത്തകപ്പാട്ടത്തിനു കൊടുത്തിട്ടുണ്ട്. കുന്നത്തൂർ താലൂക്കിലെ കിഴക്കൻ ഭാഗങ്ങളിൽനിന്നും ഒരു സെൻറുഭൂമിപോലും സർവ്വെചെയ്തു കൃഷിക്കായി വിട്ടുകൊടുത്തിട്ടില്ല. ഭൂമി കൊടുത്തിട്ടുള്ള മററു ഭാഗങ്ങളിൽ ആന മുതലായ കാട്ടുമൃഗങ്ങളുടെ ശല്യം ധാരാളമുണ്ടു. കൃഷിക്കു മാത്രമല്ലാതെ ഒരിഞ്ചു ഭൂമിപോലും കൂടുതൽ ചുററുപാടും അനുവദിച്ചു കൊടുത്തിട്ടില്ല. കുറേ സ്ഥലംകൂടി ചുററുപാടു അനുവദിച്ചിരുന്നുവെങ്കിൽ മൃഗങ്ങൾ കൃഷി നശിപ്പിക്കുന്നതിനു മുമ്പ് അതിർത്തികളിൽ വരുമ്പോൾ അവയെ കാണാനും ഏതെങ്കിലും പരിഹാരം നേടാനും സാധിക്കുമായിരുന്നു. ഇപ്പോഴാണെങ്കിൽ മൃഗങ്ങൾ വിളവിൽ ഇറങ്ങിയതിനു ശേഷമേ കാണാൻ സാധിക്കുകയുള്ളു. ആയതുകൊണ്ട്, കാട്ടുമൃഗങ്ങൾ വരുന്നതു കാണത്തക്കവണ്ണം ചുററുപാടും കുറെ സ്ഥലംകൂടി കൊടുത്താൽ അതു പ്രയോജനപ്രദമാണെന്നാണ് എന്റെ വിനീതമായ അഭിപ്രായം. ചതുപ്പു നിലങ്ങൾ കൃഷി ചെയ്യാൻ കൊടുത്തിട്ടുള്ളതു പത്തും അഞ്ചും ഏക്കർ വീതമാണ്. വർഷകാലങ്ങളിൽ ഇങ്ങിനെ കൊടുത്തിട്ടുള്ളടത്തു ഒന്നും രണ്ടും ഏക്കർ തറ കൂടി കൊടുത്തിട്ടുണ്ട്. ഈ കൊടുത്തിട്ടുള്ള കരകളിൽ മിക്കവയും വെള്ളം ആയതുകൊണ്ട്

കൊയ്തു ചവട്ടി മെതിക്കുവാനും മററും സൗകര്യമില്ലാതിരിക്കുന്നു. അപ്രകാരമുള്ള സ്ഥലങ്ങളിൽ, അതിനോടു തൊട്ട് കുറെ സ്ഥലം കൂടി കൃഷിക്കുപാട്ടത്തിനു കൊടുക്കുന്നതു ഉപകാരപ്രദമായിരിക്കും. അതുകൊണ്ടു പ്രത്യേകിച്ചു ഈ കാര്യത്തിൽ ബഹുമാനപ്പെട്ട ഗവൺമെൻറിനോടപേക്ഷിക്കുവാനുള്ളതെന്തെന്നാൽ ചതുപ്പുനിലങ്ങൾ കൂടുതൽ പതിച്ചു കൊടുക്കുന്ന കൂട്ടത്തിൽ അതിലൊരു നല്ല ഭാഗം അവശ സമുദായങ്ങൾക്കു കൂടി നീക്കിവയ്ക്കണമെന്നുള്ളതാണു. ഇതിനു മുമ്പു അവശ സമുദായങ്ങൾക്കു ചെയ്തിട്ടുള്ളതായ ഉപകാരങ്ങളെ നന്ദിയോടുകൂടി സ്മരിക്കുകയും, ഇനിയും അവശ സമുദായങ്ങളുടെ കാര്യം പ്രത്യേകം ശ്രദ്ധിക്കണമെന്നു അപേക്ഷിക്കുകയും അങ്ങിനെ ചെയ്യുമെന്നു വിശ്വസിക്കുകയും ചെയ്തുകൊണ്ടു ഞാൻ വിരമിച്ചുകൊള്ളുന്നു.

MR. N. NARAYANAKURUP സർ, ഞാനും ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. മുമ്പ് നമ്മുടെ ഒരു ചീഫ് സെക്രട്ടറിയുടെ പ്രസംഗത്തിൽനിന്നും നമ്മുടെ ജനസംഖ്യ ൯ ലക്ഷമായിരുന്നപ്പോൾ നമുക്കു മൂന്നരലക്ഷം ഏക്കർ സ്ഥലം നെൽകൃഷിക്കായുണ്ടായിരുന്നു എന്നും കാണുന്നു. അക്കാലത്തു തിരുവിതാംകൂറിൽനിന്നും വിദേശങ്ങളിലേക്കു നെല്ല് കയററി അയച്ചുകൊണ്ടിരുന്നതായും, അതിൽനിന്നും ൩൦,൦൦൦ പണം കയററുമതിതീരുവ നമുക്കു സിദ്ധിച്ചിരുന്നതായും കാണുന്നുണ്ടു. ഇന്നത്തെ ജനസംഖ്യ ൬൦ ലക്ഷമാണു. നെൽകൃഷിസ്ഥലം ൬ലക്ഷം ഏക്കറുമാത്രമേയുള്ളു. ഇന്നു നമുക്കു ആവശ്യമുള്ള ആഹാരസാധനത്തിൻെറ ൪൫ ശതമാനം മാത്രമേ നമുക്കിപ്പോൾ വിളയിക്കാൻ സാധിക്കുന്നുള്ളു എന്നു കണക്കുകൾകൊണ്ടും അനുഭവത്തിൽ അത്രയുമില്ലെന്നും മനസ്സിലാക്കാൻ സാധിക്കുന്നതാണ്. വല്ല കടുംകൃഷിയോ മറേറാ നടത്തിയാലും നമ്മുടെ ആഹാരത്തിനു നെല്ല് മതിയാകുന്നില്ലെന്നു പ്രത്യക്ഷമാണു. ഇങ്ങനെയുള്ള ഒരസാധാരണസംഭവാവസ്ഥയിൽ, വെളിയിൽനിന്നും നമുക്കു വന്നുകൊണ്ടിരുന്നതായ ആഹാരസാധനങ്ങളുമില്ലെന്നു വന്നിരിക്കുന്ന ഈ അവസ്ഥയിൽ, നാം ആഹാരരഹിതരായേക്കുമെന്നു ദിവാൻപ്രസിഡൻറുതന്നെ വിശദീകരിച്ചിരിക്കുന്ന അവസരത്തിൽ, വനങ്ങളിൽനിന്നും ആവശ്യമുള്ള സ്ഥലങ്ങൾ നെൽകൃഷിക്കായി അനുവദിക്കാത്തതു ഒരു വലിയ സാഹസമാണെന്നു മാത്രമേ എനിക്കു പറയുവാനുള്ളു. വനങ്ങളിൽ കൃഷി ചെയ്യുന്നതുകൊണ്ടു അവ നശിച്ചുപോകുമെന്നോ, ചതുപ്പുനിലങ്ങളിൽ കൃഷിചെയ്യുന്നതുകൊണ്ട്, വനം ഇല്ലാതായിപോകുമെന്നോ, പി. ഡബ്ളിയു. ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനം നടത്താൻ സാധിക്കാതെ വരുമെ

[Mr. N. Narayana Kurup]

ന്നോ മി. ഡി. സി. ജോസഫ പറയുന്നതു വിശ്വസിക്കുവാൻ നിവൃത്തിയില്ല. ഏതു സംഗതിയെക്കുറിച്ചും സ്ഥാനത്തും അസ്ഥാനത്തും സപ്പോർട്ടു ചെയ്യുന്നതിനു ന്യായം കാണുന്നില്ല. വനങ്ങളെ സംബന്ധിച്ച ഏതാണ്ടു ഞങ്ങൾക്കും അറിയാം. തിരുവിതാംകൂറിലെ വനങ്ങളിൽനിന്നും, ആവശ്യമുള്ളിടത്തോളം സ്ഥലം കൃഷിക്കു വിട്ടുകൊടുക്കാൻ പാടില്ലാത്തതെന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല. മൈസൂർ, കൊച്ചി, ഹൈദ്രബാദ് എന്നീരാജ്യങ്ങളിൽ ലക്ഷത്തിൽപരം ഏക്കർ സ്ഥലം ആഹാരസാധനങ്ങളുടെ കൃഷിക്കു വിട്ടുകൊടുത്തതായി കാണുന്നു. തിരുവിതാംകൂറിലെ വനങ്ങളിൽനിന്നും ൩൦൦൦൦ ഏക്കർ സ്ഥലം വിട്ടുകൊടുക്കാമെന്നു ഗവണ്മെൻറു നിശ്ചയിച്ചു. അതിൽ ഏതാനും സ്ഥലം ലേലം ചെയ്യുകയും ചെയ്തു. പാട്ടത്തിൻെറ കാഠിന്യമേറിയ ചട്ടങ്ങൾകൊണ്ടും നിശ്ചയിച്ച സ്ഥലങ്ങൾ കൃഷിക്കു പററിയതല്ലാതിരുന്നതുകൊണ്ടും കുറച്ചു സ്ഥലമേ ലേലത്തിൽ പോയിട്ടുള്ളു. അതിൽ ആ സ്ഥലങ്ങളിൽ അധികം ഭാഗവും കൃഷി ചെയ്തിട്ടുമില്ല. ൯൦൦൦ ഏക്കറിൽ പരം ഭൂമി കൃഷിസ്ഥലമായി ഉപയോഗിച്ചിട്ടില്ലെന്നു ഒരു ചോദ്യത്തിനുത്തരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. വിട്ടുകൊടുത്ത ഭാഗം നെൽകൃഷിക്കു പററിയതല്ലെന്നു മി. ഡൊമിനിക്ക് ജോസഫ് അഭിപ്രായപ്പെടുകയും ചെയ്തു. ഏതു ന്യായത്താലാണ്, നിശ്ചയമനുസരിച്ചുള്ള സ്ഥലം മുഴുവൻ ഫാറസ്റ്റ് കൺസർവേറ്റർ കൃഷിക്കു വിട്ടുകൊടുക്കാത്തതെന്നു മനസ്സിലാകുന്നില്ല. ഒരു വ്യക്തിക്കൊ, പ്രത്യേകമൊരു സമുദായത്തിനോ കൂടുതൽ സ്ഥലം കൊടുക്കണമെന്നു പറയുന്നില്ല. ഈ രാജ്യത്തിൻെറ ഈ പരിതാപാവസ്ഥയിൽ, എത്രമാത്രം സ്ഥലം കൃഷി ചെയ്യാമോ അത്രയും സ്ഥലം പാട്ടത്തിനു കൊടുക്കേണ്ടതു അത്യാവശ്യമാണ്. വനത്തിൽ കയറി, ഇല പറിക്കും തടി വെട്ടും എന്നും വനം നശിപ്പിക്കുമെന്നും മററും പറയുന്നതു ഇക്കാലത്തു ന്യായീകരിക്കത്തക്കതല്ല. അങ്ങനെ ചെയ്യുന്നവരുടെമേൽ നടപടി നടത്തി, വനങ്ങളെ ശരിയായ വിധത്തിൽ സംരക്ഷിക്കണം. അങ്ങനെ ചെയ്യാൻ നമ്മുടെ ഗവണ്മെൻറിനു ശക്തിയുണ്ട്. അങ്ങനെ ചെയ്യാൻ പരിഭ്രമിക്കുന്ന ഉദ്യോഗസ്ഥന്മാരെ തൽക്കാലം മാററീട്ടു പകരം പ്രാപ്തന്മാരായ ഉദ്യോഗസ്ഥന്മാരെ നിയമിക്കണം. അല്ലാതെ ഈ മാതിരി മുടന്തൻ ന്യായങ്ങൾ പറഞ്ഞു വനത്തിൽനിന്നും നെൽകൃഷിക്കു സ്ഥലം കൊടുക്കാൻ പാടില്ലെന്നു കൺസർവേറ്റർ അവർകൾ വാദിക്കരുതെന്നുമാത്രമേ എനിക്കു പറയുവാനുള്ളു. കൊടുക്കുന്ന സ്ഥലം നിവൃത്തിയുള്ളിടത്തോളം കൃഷിക്ക് ആളേർപ്പെടാൻതക്ക വ്യവ

സ്ഥയിൽ പാട്ടത്തിനു കൊടുക്കണം. അതിന് അനാവശ്യമായ നിയമങ്ങളുണ്ടാക്കരുതെന്ന് അപേക്ഷയുണ്ട്. അതല്ലാതെ പാട്ടത്തിനു കൊടുക്കുന്ന സ്ഥലങ്ങളിൽ നാലടി അകലത്തിൽ വൃക്ഷങ്ങൾ നട്ടു പിടിപ്പിക്കണമെന്നും മററും നിർദ്ദേശിക്കുന്നതു ശരിയല്ല. കാട്ടുമൃഗങ്ങളേയും മലമ്പനിയേയും അവഗണിച്ചു കാട്ടുകേറി കൃഷി ചെയ്യാമെന്നു കരുതുന്നതുതന്നെ ആഹാരത്തിനു നെല്ലിനുവേണ്ടിയാണ്. അല്ലാതെ സർക്കാരിനു തടി നട്ടു പിടിപ്പിക്കാനല്ല. തീ പിടിക്കുമ്പോൾ വാഴ വെട്ടുന്ന നയം നല്ലതല്ല. ഒരേക്കർ സ്ഥലത്തിനു ൨൧൦–൨൫൦ രൂപാക്ക് ലേലത്തിൽ പിടിക്കാൻ മുതലാളന്മാർ തയാറായിരുന്നെന്നും പാവങ്ങളെ മുൻനിർത്തി അവർ നിലങ്ങൾ ലേലത്തിൽ കൊണ്ടു എന്നും അറിയുന്നു. ഭൂമി തീരെ ഇല്ലാത്തവർക്കും അഭ്യസ്തവിദ്യരായ യുവാക്കന്മാർക്കും, കുറഞ്ഞ വിസ്തീർണ്ണം നിശ്ചയിച്ചു കൃഷിക്കായി കൊടുക്കുകയും, ഗവണ്മെൻറു നിശ്ചയിക്കുന്ന ഒരു കോട്ട അവരിൽനിന്നും ഈടാക്കുകയും ചെയ്യണം. ഈ ലേലം ഏർപ്പാടു നിറുത്തേണ്ടതാണ്. ഗവണ്മെൻറിൻെറ ശ്രദ്ധ ഈ കാര്യത്തിൽ പതിയേണ്ടതാണ്. ഈ അസാധാരണകാലത്തു എത്രമാത്രം ഏക്കർ സ്ഥലം നെൽകൃഷിക്കു കൊടുക്കാൻ സാധിക്കുമോ അത്രയും സ്ഥലം വല്ല മുടന്തൻ ന്യായങ്ങളും പറയാതെ പാട്ടത്തിനു കൊടുക്കാനുള്ള സന്നദ്ധത ഗവണ്മെൻറിനുണ്ടാകണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

MR. T. T. KESAVAN SASTRI : ഞാനും ഈ ഉപക്ഷേപത്തിൻെറ തത്വത്തെ അനുകൂലിക്കുന്നു. റിസർവിലെ സ്ഥലങ്ങൾ കൃഷിക്കു നൾകി ജനങ്ങളെ സഹായിക്കണമെന്നുള്ളതാണല്ലോ വിവാദവിഷയം. ഇതൊരു പ്രധാന പ്രശ്നമാണ്. വളരെ വർഷങ്ങൾക്കു മുമ്പുമുതലേ ഈ വിഷയത്തെപ്പററി, ഈ സഭ കാര്യമായി ചർച്ചാലോചിക്കാറുള്ളതാണ്.

കൃഷിവികസനപദ്ധതിയനുസരിച്ച് റിസർവുകളിൽനിന്നും ഇപ്പോൾ ൩൫൦൦൦ ഏക്കർ സ്ഥലം, ഒഴിവാക്കുകയും, അതിൽ നൂറുൻറ ഏക്കർ സ്ഥലം, കുത്തകപ്പാട്ടവ്യവസ്ഥയിൽ പൊതുജനങ്ങൾക്ക് നൾകുകയും ചെയ്തിട്ടുള്ളതു് വലിയ അനുഗ്രഹംതന്നെ. ഇന്നത്തെ ഗവണ്മെൻറിൻെറ ഈ സ്മരണീയമായ ദാക്ഷിണ്യമനോഭാവത്തെ പൊതുജനങ്ങൾ മുക്തകണ്ഠം പ്രശംസിക്കുകയാണു ചെയ്യുന്നതു്. യുദ്ധകാലപരിതസ്ഥിതികളെ പരിഗണിച്ച് ഗവണ്മെൻറു സമയം കൈക്കൊണ്ടിട്ടുള്ള അനുകൂല്യങ്ങളിൽ ഇതു് പ്രാധാന്യമർഹിക്കുന്നതാണ്.

[Mr. T. T. Keavan Sastri]

ഇതിൽ പല സ്ഥലങ്ങളും കൃഷിക്കുപയോഗപ്പെടാത്തതാണെന്നും ആനശല്യവും മററു വന്യമൃഗശല്യവും ഉള്ളതാണെന്നും ചിലർ പറയുന്നതു് പരമാൎത്ഥമാണു്. അങ്ങനെയുള്ള പ്രയാസങ്ങൾക്കു കഴിയുന്നതും പരിഹാരമുണ്ടാക്കാൻ സാധിക്കുന്നതാണു്. കൃഷിക്കു് ഉപയുക്തങ്ങളായ സ്ഥലങ്ങൾ—കരനിലങ്ങളും ചതുപ്പുനിലങ്ങളും വേർതിരിച്ചു നൽകാൻ ഫാറസ്റ്റുഡിപ്പാർട്ടുമെൻറു് അധികൃതന്മാരുടെ പ്രത്യേക സഹായം മതിയാകുന്നതാണു്. ഇതെല്ലാം ഗവൺമെൻറിൻെറ ശക്തമായ ഉത്തരവുകൾകൊണ്ടു് നിവ്വഹിക്കാവുന്നതേയുള്ളു.

സർ, ഗവൺമെൻറിനു് ഗണ്യമായ ആദായങ്ങളില്ലാത്ത ചെറിയ ചെറിയ കുട്ടിവനങ്ങളുടെ സംരക്ഷണം ഉപേക്ഷിക്കയും, അതുകൾ ഇതുപോലെതന്നെ കൃഷിക്കു നൽകുകയും ചെയ്യുന്നതു നന്നായിരിക്കുമെന്നാണു് എൻെറ അഭിപ്രായം. കൃഷിയും താമസവും ഉള്ള പൊതുസ്ഥലങ്ങളോടടുത്തു കുട്ടിവനങ്ങൾ ഇവിടെ വളരെയുണ്ടു്. ഇവകളിൽനിന്നു വനവിഭവങ്ങൾ കൂടുതൽ കിട്ടാൻ ഇടയുണ്ടെന്നു തോന്നുന്നില്ല. ആനക്കൊമ്പു്, ഏലം, കുന്തിരിക്കം, മുതലായവയും തടികളുംമററുമാണല്ലോ വനവിഭവങ്ങൾ. കുട്ടിവനങ്ങളിൽനിന്നും ഇതൊന്നും ഇന്നു കൂടുതൽ ലഭിക്കുന്നില്ല. ചങ്ങനാശ്ശേരി, പത്തനംതിട്ട, പത്തനാപുരം മുതലായ താലൂക്കുകളിലെ പല കുട്ടിവനങ്ങളും ആദായങ്ങളില്ലാത്തവയാണു്. ചങ്ങനാശേരിതാലൂക്കിലെ മണിമലറേഞ്ചിൽപെട്ട പ്രാവക്കാവു മുതലായവയും വളകൊടിയും പരിസരങ്ങളും എല്ലാംതന്നെ കൃഷിക്കു നൽകാവുന്ന സ്ഥലങ്ങളാണു്.

സർ, ഒരു കാൎയ്യംകൂടെ ഇവിടെ പ്രസ്താവിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അതായതു് റിസർവുകൾ കഴിയുന്നതും ഒരു ഏൎയ്യായിൽ ആക്കി തിട്ടപ്പെടുത്തുകയും അതു് മനുഷ്യരുടെ ശല്യത്തിനൊന്നിനും ഇടവരുത്താതെയാക്കിയും സൂക്ഷിക്കണമെന്നുള്ളതാണു്. മാത്രമല്ല ഫാറസ്റ്റുഡിപ്പാർട്ടുമെൻറു കീഴ്‌സിൽബന്തികൾ എത്രയും കാൎയ്യക്ഷമതയുള്ളവരായിരിക്കാൻ, നിർബന്ധിതരാവുന്നതും ഒരു അത്യാവശ്യകാൎയ്യം തന്നെയാണു്. അതിനു പുറമെ, റിസർവിൽനിന്നും ഇപ്പോൾ കുത്തകപ്പാട്ടവ്യവസ്ഥയിൽ സ്ഥലം വാങ്ങി കൃഷിചെയ്യുന്ന ആളുകൾക്കു ഇവരിൽനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്ന ചില്ലറ ഉപദ്രവങ്ങൾ വർദ്ധിക്കാതിരിക്കാൻ ഏർപ്പാടു ചെയ്യണം. കൺസർവേററർ അവർകളുടെ സവിശേഷമായ ശ്രദ്ധ ഇതിൽ ഉണ്ടാകുമെന്നു വിശ്വസിക്കുന്നു. കർഷകരെ ഡിപ്പാർട്ടുമെൻറിലെ താണതരം ഉദ്യോഗസ്ഥന്മാർ ബുദ്ധിമുട്ടിക്കുന്നതായാൽ വളരെ പ്രയാ

സമായിത്തീരും. സർ റിസർവ്വസ്ഥലങ്ങൾ ഒഴിവാക്കി കൃഷി നൽകാൻ ഗവമ്മെൻറു സദയം തയാറായതിൽ ഉള്ള അനുമോദനം ഒരിക്കൽകൂടി രേഖപ്പെടുത്തിക്കൊണ്ട് ഈ ഉപക്ഷേപത്തെ അനുകൂലിച്ചു വിരമിക്കുന്നു.

**MR. K. S. SEBASTIAN**, Sir, I wish to support this motion. It has been said in this House that not more than 34,000 acres have been set apart by the Government for being leased out to the cultivators. Yesterday, in reply to a question from me, the Conservator of Forests said that so far only about 6,000 acres have been so leased out, and in reply to a further question from me as to the approximate area which is under cultivation he said that only 3,000 acres have been brought under cultivation. It is a matter for regret to find that when the food problem is facing us so acutely, the policy of the Government in the matter of assigning lands for raising food crops is not very encouraging. I am sorry to remark that in this direction Government is pursuing a policy which is lacking in imagination and foresight. When the country is driven to starvation Government have been pleased to give only 6,000 acres on lease. In a country where we have got 17 lakhs of acres of reserve land, it is only 34,000 acres that have been set apart for food production. We have been speaking very often of the food production drive. I am sorry to say that there is neither food nor production. There is only drive.

I have to mention one very important matter and that is with regard to the terms on which these lands are leased out. The rules are very rigid. It would appear that the Conservator is more concerned about the planting of teak and other trees than the production of food crops. I know instances in certain areas where the lessees wanted to give up the lands because of the rigid rules imposed by the Conservator. I would urge that at least in the interest of humanity he must make these rules a little less rigid. There is no meaning in our going to British India and begging for rice when we can produce enough rice and tapioca in our State. God Almighty in His great bounty has been very kind to our country. Ours is a very fertile soil. There is no point in saying that we must resort to intensive cultivation. Where is the room for intensive cultivation when we are lacking in manures? So my submission is that the Government should be more generous and lenient in the matter of their land policy. Otherwise it will be a very suicidal step. We are lacking in food materials to an appalling degree and there will be no salvation for the country unless these rules are made a little less rigid and people encouraged to go and cultivate wherever they please.

In the matter of assigning lands, I would also request the Government to pursue a policy of assigning lands only in those areas where there are means of communication. I suppose Government would adopt a more liberal policy this year and set apart at least one lakh of acres for cultivation. With these words, I support the motion.

**RAO BAHADUR T. V. VENKATESWARA AIYAR:** Sir, during the last Budget Session when a resolution for throwing open areas within the reserved forests suitable for the production of food crops was brought forward it was accepted by the Government and the Conservator of Forests was directed to select such areas as he considered suitable for the purpose, in collaboration with the Agricultural Department an officer of the Public Works Department and the local members of the Legislature. Meanwhile, knowing fully well that the Government were prepared to give as much area as possible for cultivation, innumerable applications were received indicating different places which people would prefer to have for production of food crops. Therefore, when the Department with the help of other officers and the members of the Legislature started selecting areas for leasing out, likes and dislikes of the people who wanted to raise food crops were already in evidence. I may inform the honourable members of the House that selection of areas was therefore made mainly on the basis of petitions received by Government from the local people

The choice of the area was not therefore left to the Conservator of Forests, except to this extent that areas containing valuable tree-growth, from which the tree-growth would have to be removed for the production of food crops, were not made available for the purpose. Within a short period of four months some 10,000 acres were rapidly surveyed and made available for lease for the purpose of food production. I am sorry to inform the House that out of those 10,000 acres only 6,000 acres could be actually leased out for want of demand.

**MR. K. R. NARAYANAN:** സർ, ഏതൊരു തത്വത്തെ അടിസ്ഥാനപ്പെടുത്തിയാണ് റിസർവ വനങ്ങൾ പതിച്ചു കൊടുക്കുന്നതെന്ന് പറഞ്ഞാൽകൊള്ളാം

**RAO BAHADUR T. V. VENKITESWARA AIYAR:** ജനങ്ങളുടെ അഭിവൃദ്ധിമാർഗത്തേയും സൗകര്യങ്ങളെയും പരിഗണിച്ചാണ്.

**MR. KANNANTHODATH JANARDANAN NAIR:** May I know whether the 6,000 acres of land include grassy lands in Peermade?

**RAO BAHADUR T. V. VENKATESWARA AIYAR:** About 600 acres are grassy lands out of the 4000 acres in Peermade.

**MR. K. R. NARAYANAN:** ഫാറസ്റ്റിൽ നിന്നും ഭൂമി പതിച്ചു കൊടുക്കാമെന്ന് വച്ചതു ജനങ്ങളുടെ ആവശ്യമനുസരിച്ചാണോ? ഇപ്രകാരം എത്ര ഏക്കർ പതിച്ച് കൊടുത്തിട്ടുണ്ട്.

**RAO BAHADUR T. V. VENKITESWARA AIYAR:** അതെ ആദ്യമായി ആറായിരം ഏക്കർ പതിച്ചു കൊടുത്തു. പതിനായിരം ഏക്കർ എന്നു പറയുന്നതു ശരിയല്ല.

It will therefore be seen that out of the 10,000 acres made available to the public only about 6000 acres were actually taken and it is understood that out of the 6000 acres not more than some 4,000

acres are actually under cultivation. The reason for this short cultivation is, because some capitalists merely bid the land for gain, not for actual cultivation but so that they may sub-lease the area and enjoy the gain. Also some were prevented from starting agricultural operations in proper time, due to untimely and early rains, and want of seeds.

**MR. DOMINIC JOSEPH**: Is it because all the lands were made available all on a sudden that the people did not cultivate ?

**RAO BAHADUR T. V. VENKITESWARA AIYAR**: The lands were auctioned twice last year and when the second auction was made the reed areas in the Central Division were given over for cultivation.

I may also inform the Honourable House that in addition to these 6000 acres which have been given on lease, over 1,865 acres have been given for food production, 665 acres for taungya planting of teak and 660 acres for raising of cashew plants.

**MR. KOTTALIL P. ABRAHAM**: May I know the size of the blocks auctioned out under the present system ?

**RAO BAHADUR T. V. VENKITESWARA AIYAR**: No area which was less than 5 acres was considered at all, while the blocks given to individuals were not more than 25 acres.

**MR. KOTTALIL P. ABRAHAM**: May I know whether the applications referred to by the Honourable Member were for the same unit ?

**RAO BAHADUR T. V. VENKITESWARA AIYAR**: The applications varied for units from 2 to 2000 acres.

Whereas petitions were for 2000 acres of land obtainable for paddy cultivation from particular localities such areas, on actual finding, were found to have dwindled down to 10 or 20 acres. I wish to make this point clear that there is no large extent of land available in the reserved forests of Travancore suitable for paddy cultivation under normal conditions. Of the 10000 acres of land which have been already surveyed, only 6000 acres were leased out.

It has been mentioned here that grass lands are not useful for agricultural production. I have myself seen grass lands under paddy near Pallivasal.

**MR. DOMINIC JOSEPH**: May I know the name of the locality where the Conservator of Forests has seen the grass land ?

**RAO BAHADUR T. V. VENKITESWARA AIYAR**; At Pallivasal.

As regards the areas which are infected with wild animals, Government have been pleased to make some concessions for the protection of the crops. When it is brought to the notice of the Government that a particular rogue elephant is destroying crops in a particular locality, Government are always willing to consider the steps necessary to exterminate that animal. It has also been pointed out that the term of lease for a period of 3 years is quite insufficient to attract lessees for cultivation of these lands. It was pointed out before the House last year that if at the end of 3 years the conditions that exist at present should continue, Government would consider the extension of such leases as long as it may be necessary.

**MR. K. P. KOCHUKORA THARAKAN** : ഇതിലേക്ക് ഒരു വ്യവസ്ഥയില്ലാതെയിരുന്നാൽ കൃഷിക്കാർ വിഷമിച്ചുപോകും. ഒരു ആറുകൊല്ലമെങ്കിലും കാലാവധി ഉണ്ടായിരുന്നാൽ കൃഷി ആന കയറാതെയും പന്നി കയറാതെയും സൂക്ഷിക്കാൻ കഴിയും. അതുകൊണ്ടാണ് ഞാൻ ആറുകൊല്ലമെന്നു പറഞ്ഞത്.

**RAO BAHADUR T. V. VENKITESWARA AIYAR** : It may be pointed out in this connection that even leasing out these areas for a period of 3 years is not in the best interests of the Forest Department so it will be still less in the interests of the Department to give an undertaking for leases to the extent of 6 years.

With regard to the question of throwing open minor reserves along the main roads for cultivation, a large extent of land within these minor reserves has already been leased out. But I must bring to the notice of this Honourable House that these minor reserves are going to play a very important part in the future economy of the State. They are perhaps the most valuable reserves in the State. Difficulty of obtaining firewood is being felt everywhere in Travancore. Firewood is an article which cannot bear heavy transportation charges. Unless we have areas which are near to the centre of consumption it is certain that the cost of firewood will be heavy. Then there are also schemes for increased industrial developments in the country. The future demand for firewood as well as charcoal will be very great. It will not be wise to destroy these forests simply because it is more convenient for people to raise crops in such areas.

**MR. K. KUNJU PANICKER** : Are the Government permitting people to gather firewood from such areas now?

**RAO BAHADUR T. V. VENKITESWARA AIYAR** : They are not.

**MR. KOTTALIL P. ABRAHAM** : May I know whether hillmen are allowed to cultivate these lands?

**RAO BAHADUR T. V. VENKITESWARA AIYAR** : Yes, under certain rules.

**MR. KANNANTHODATH JANARDHANAN NAIR** May I know from the Honourable Member when that practice has been put a stop to?

**PRESIDENT** : There is a mistake in this matter. A number of people use 'Kanies' as a kind of smoke-screen. I must say that both officials and non-officials use 'Kanies' for the purpose of entering the forest and making cultivation.

**SADASYATILAKA T. K. VELU PILLAI** : Are there not rules on the subject of cultivation by the hill tribes?

**RAO BAHADUR T. V. VENKITESWARA AIYAR** : There are rules, Sir.

**PRESIDENT** : Which are disobeyed.

**RAO BAHADUR T. V. VENKITESWARA AIYAR** : Certain areas were pointed out by an honourable member as lands fit for cultivation. As I have already mentioned, in 1117 lands were selected with the assistance of various people. If it is brought to the notice of the Head of

the Department that certain areas exist which are suitable for cultivation, the Department will certainly see that these areas are surveyed and made available to the extent possible.

Regarding the question of capturing wild elephants, the practice of capturing elephants has been in vogue for some time.

**PRESIDENT** : The Chief Secretary will keep in readiness the files relating to the cases of officers of the Forest Department against whom orders have been passed by me for trespass into forest areas.

**RAO BAHADUR T. V. VENKITESWARA AIYAR** : The question of capturing elephants is an important one.

**MR. K. P. KOCHUKORA THARAKAN** : ആനപിടിത്തം മുൻപുണ്ടായിരുന്ന സ്ഥലങ്ങളിലല്ലാതെ കൃഷിക്കു കൊടുത്തിരിക്കുന്ന സ്ഥലങ്ങളിൽ ഇപ്പോഴും ഉണ്ടോ?

**RAO BAHADUR T. V. VENKITESWARA AIYAR** : കൃഷിക്കു കൊടുത്ത സ്ഥലങ്ങളിലെല്ലാം ആന പിടിക്കണമെന്നുവച്ചാൽ അസാദ്ധ്യമായ കാൎയ്യമാണു്.

**MR. K. P. KOCHUKORA THARAKAN** : ഏതാനും ചില സ്ഥലങ്ങളിൽ പതിവായിട്ടു് ആനപിടിത്തം ഉണ്ടല്ലൊ. ആ സ്ഥലങ്ങളിലല്ലാതെ മറ്റു് ഏതെങ്കിലും സ്ഥലങ്ങളിൽ ആനപിടിത്തം ഉണ്ടോ?

**RAO BAHADUR T. V. VENKITESWARA AIYAR** : ഉണ്ടു്.

**RAO BAHADUR T. V. VENKITESWARA AIYAR** : The Department has started capturing operations in places where they had not them in the old days. It will therefore be seen that the area of 30,000 acres which was estimated in the beginning of 1118 does not exclude the possibility of finding out more areas if suitable for food production. If such suitable areas are found available they will be leased out. The difficulties of raising forest crops along with field crops have been pointed out. I may assure the honourable members that every care has been taken to see that this difficulty is minimised to the extent possible. It will not be new information to the members if I tell them that teak is being grown in the forests of Travancore at an espacement of 6 ft. by 6 ft. Anybody who has seen a teak tree would understand that the leaves of a young teak are very broad. On an average about Rs. 50 per acre are being paid to Government for the right to grow food crops with teak. Under the food production scheme swampy areas need be regenerated only just one year before they are handed over and the tree crops is to be raised at 12 ft. by 12 ft. When it is remembered that the seeds that are put in are of jungle-wood trees the leaves of which are very small and the growth much less rapid than teak, it will be realised that the difficulties involved are very much less than with teak. So it will be seen that no difficulty will be caused by the provision to grow forest trees in areas leased out for food production.

**MR. K. P. KOCHUKORA THARAKAN**; കമ്പകത്തിന്റെ ഇല തീരെ ചെറുതല്ലേ?

**RAO BAHADUR T. V. VENKITESWARA AIYAR**: അതെ.

**MR. K. P. KOCHUKORA THARAKAN**: അതു നട്ടുവളർത്തിയാൽ ഈ പ്രയാസമുണ്ടാകുമോ?

**RAO BAHADUR T. V. VENKITESWARA AIYAR**: പ്രയാസം ഉണ്ടാകയില്ല. വേണമെങ്കിൽ അതും നട്ടുവളർത്താം.

**PRESIDENT**: Order, order. The matter, as has been rightly pointed out, is very important and a few remarks from the Chair will not be out of place. I may, at the outset, avow that I have been frankly disappointed with the amount of area that could be made available for cultivation and even more so with the amount of area that has been availed of. It has been the policy of Government, and it will continue te be their policy, not to be too meticulous with regard to the opening of forest areas for cultivation. Let me explain myself. There are certain tracts in India where forests are nothing more than scrub jungle or the equivalent of scrub jungle which are very carefully preserved by the Forest Departments. The forest department in any country which is anxious to maintain its principles, desires to see that there is no encroachment on the forest areas. There are two points to be borne in mind. One is the tremendous importance of firewood in future. Only those persons who have recently visited either Madras or Bombay would know what the firewood problem means. One bandy load of fire-wood sells at anything from Rs. 50 to Rs. 80 in Madras. The difficulty is so great that people have to go and cook in neighbourses' houses and do it alternatively. That is going on in Madras. It is due to the fact that the extensive casurina plantations—which we do not get here—studded all over the East Coast, have been rather recklessly dealt with both by Government and private parties. I do not desire that the few sources of fire-wood here should be so dealt with. That is the first point.

The second point is that in giving these lands for cultivation the gift should not become a futile one. There is no meaning in asking a man to go into the forest where his life becomes dangerous either by malaria or because of wild elephants. To that extent the principle of forest cultivation is of no use.

Subject to such considerations, honourable members may take it that it is the object of Government to give all possible encouragements to people who want to cultivate forest land. Many representations have reached Government about the shortness of the period of three years. That matter too will engage the attention of Goverument.

**MR. P. NARAYANA PILLAI** I withdraw the motion.

The motion was, by leave, withdrawn.

The question that a sum of Rs. 14,45,195 be granted under Demand IV—Forest—was put and carried. The grant was made.

DEMAND V—REGISTRATION.

**MR. K. MADHAVA KURUP** (*Director of Registration*): Sir, I move that a sum of Rs. 4,60,046 be granted under Demand V—Registration,

**MR. P. NARAYANA PILLAI**: Sir, I move the following motion:

*To reduce the allotment of Rs. 1,200 for travelling allowance by Re. 1.*

I move this to discuss the desirability of making permanent, the temporary Sub-Registrar's Office at Pantalam.

**PRESIDENT**: What difference is it going to make whether the Sub-Registrar's office is made permanent or is temporary? What is the general principle involved in it?

**MR. P. NARAYANA PILLAI**: If it is temporary it may be abolished or transferred to any other place at any time. I do not want to make a speech in this connection. Considering the number of documents registered, as also the convenience of the public it is very necessary to make the office at Pandalam a permanent feature.

**MR. K. MADHAVA KURUP**: Sir, it does not make any difference to the public whether an office is temporary or permanent. If there is no adequate work, even a permanent office will be abolished. There are instances of abolition or transfer of permanent offices. In the same way, Temporary offices will be kept on if there is sufficient work and confirmed if their permanent detention is justified. Among the 101 offices, permanent and temporary, Pandalam stands as 50th in rank having registered 7157 documents this year till the end of Mithunam. Though opened in 1116, there are the four additional offices temporarily established at Nedumangad, Kottarakara, Karunagapally and Kunnattur in 1117, which have much heavier work. The Pandalam office is being continued in 1119 and will not be abolished so long as there is adequate work.

The motion was, by leave, withdrawn.

**MR. K. KUNJU PANICKER**: Sir, I move the following motion;

*To reduce the allotment of Rs. 1,200 for travelling allowance by Re. 1.*

സാർ ട്രാവലിംഗ് അലവൻസിനത്തിലേക്കുള്ള ൧൨൦൦ രൂപായിൽ ഒരു രൂപ കുറയ്ക്കണമെന്നുള്ള മോഷൻ ഞാൻ അവതരിപ്പിക്കുന്നു. ഈ കാലത്ത് പലവിധത്തിൽ ജനങ്ങൾക്കു പണം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. പ്രത്യേകിച്ച് മുൻപു ഒട്ടും പണമില്ലാതിരുന്ന ആളുകൾ ഇന്നു യുദ്ധസേവനത്തിനും പോയി ആ നിലയിൽ ധാരാളം പണം സമ്പാദിക്കുകയും മററും ചെയ്യുന്നുണ്ട്. അതുപോലെതന്നെ കൃഷിക്കാർക്കും മരച്ചീനികൃഷിയിൽ നിന്നും മററും അവരുടെ സകല പ്രതീക്ഷകളും കവിഞ്ഞുള്ള തുക ഇന്നു ലഭിക്കുന്നു. അതുകൊണ്ട് രജിസ്റ്റർകച്ചേരികളിൽ ആധാരങ്ങളുടെ സംഖ്യ സീമാതീതമായി വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. മുൻപു ഒററിയായിട്ടും പണയമായിട്ടും മററും കൊടുത്തിരുന്ന വസ്തുക്കൾ ഇന്നു തിരിച്ചെടുക്കുന്നതിന്റെ ബഹളമാണ്. ഇപ്രകാരം രജിസ്ട്രാർകച്ചേരികളിലെ ഇടപാടുകൾക്കു സീമാതീതമായ ഒരു

[Mr. K. Kunju Panicker.]

വർദ്ധനവു സംഭവിച്ചിട്ടുണ്ട്. സാധാരണമായി ഒരു രജിസ്ത്രാർ കച്ചേരിയിൽ ഇരുപതു മുതൽ ഇരുപത്തഞ്ചു വരെ ആധാരങ്ങൾ എടുക്കണമെന്നേ വ്യവസ്ഥയുള്ളല്ലോ. ഇത്രയും ആധാരം എടുത്തതിനുശേഷം ഇപ്പോൾ ധാരാളം ആധാരങ്ങൾ ബാക്കിവരുന്നുണ്ട്. ചില കച്ചേരികളിൽ ൧൦൦ ആധാരങ്ങളിൽ കൂടുതൽ ഒരു ദിവസം രജിസ്റ്റർ ചെയ്യുന്നതായി എനിക്കറിയാം. മുന്നൂറും നാനൂറും ആധാരങ്ങൾ ചില സമയങ്ങളിൽ കച്ചേരിയിൽ വരാറുണ്ട്. അതിൽ നൂറെണ്ണമെങ്കിലും രജിസ്റ്റർചെയ്തു കൊടുക്കാതെ ഇരിക്കുന്നുമില്ല. ഇങ്ങനെ എടുക്കുന്ന ആധാരങ്ങൾ വല്ല പ്രതിഫലവും പററിക്കൊണ്ടാണ് പതിച്ചുകൊടുക്കുന്നതു എന്നുള്ളതു് വെറും പരസ്യമായ ഒരു രഹസ്യമാണ്. ഇതിനെക്കുറിച്ചു പരസ്യമായ പല പരാതികളും രജിസ്ട്രേഷൻ ഡയറക്ടർ അവർകളുടെ ശ്രദ്ധയിലും പെട്ടിട്ടുണ്ടെന്നു എനിക്കറിയാം. ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷൻ വളരെ ശക്തിമത്തായി പ്രവർത്തിച്ചുകൊണ്ടു് ഇരിക്കുന്നുവെന്നുള്ളതും പരമാർത്ഥമാണ്. എങ്കിലും ആളുകളുടെ പ്രേരണയും ഞെരുക്കവുംകൊണ്ടു് ചില ഉദ്യോഗസ്ഥന്മാർ ഇപ്പോഴും പണം വാങ്ങിച്ചുപോരുന്നു എന്നുള്ളതും പരമാർത്ഥമാണു. അതിൽ അവരെ കുററപ്പെടുത്താനുതരമില്ല. ഓരോ ആധാരവും ഹാജരാക്കുമ്പോൾ അതോടുകൂടി ഒരു [illegible]കൂടി വച്ചാലെ ആധാരം എടുക്കുകയുള്ളു എന്നുള്ള പരാതി വരാതെ മുമ്പുകൊണ്ടുചെല്ലുന്ന ആധാരങ്ങൾ ആദ്യം എടുത്തു രജിസ്റ്റർ ചെയ്യുന്നതക്കവണ്ണം വേണ്ട ഏർപ്പാടു ചെയ്യുന്നതിൽ ഡിപ്പാർട്ടുമെൻറു അധികാരി നിഷ്കർഷിക്കണമെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു. ഇപ്പോൾ അദ്ദേഹം ശക്തിയായ നിഷ്കർഷചെയ്യുന്നുണ്ട്. അതൊന്നുകൂടി ഈ യുദ്ധകാലചരിത്രസ്ഥിതി മാറുന്നതുവരെ ശക്തിപ്പെടുത്തണമെന്നാണ് ഞാൻ പറയുന്നതു്. ഈ അഭിപ്രായം ഈ സദസ്സിലുള്ളവരും ആദരിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ അവതരിപ്പിച്ചുകൊള്ളുന്നു.

MR. K. P. KOCHUKORA THARAKAN. സർ, ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ആധാരങ്ങളുടെ കൂടുതൽകൊണ്ടു്, സിവിൽ കോടതികളിലെ പോലെ ആധാരം രജിസ്റ്റർ ചെയ്യുന്നതിനെ രജിസ്റ്റർ അവധി മാററി വെച്ചു തുടങ്ങിയിരിക്കുകയാണ്. രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിൽ അഴിമതി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ് എന്നുള്ളതു് ഏവർക്കും അറിയാവുന്ന ഒരു വാസ്തവമാണ്. സബ് രജിസ്റ്റർ ആഫീസിലെ പ്യൂൺ മുതൽ സബ രജിസ്ട്രാർവരെ സ്റ്റാഫിനും എന്തെങ്കിലും സംഖ്യ കൊടുത്താ

ലേ ആധാരം രജിസ്റ്റരാക്കുകയുള്ളു എന്നുള്ള സംഗതി രജിസ്ത്രേഷൻ ഡയറക്ടരവർകൾ മനസ്സിലാക്കി സർപ്രൈസ് വിസിററ് ചെയ്തതിന്റെ ഫലമായി പല കുററക്കാരെയും കണ്ടുപിടിക്കുകയും ശിക്ഷിക്കുകയും ചെയ്തിട്ടുള്ളതായി അറിയാം. എന്നാൽ ഈ നടപടി ഒന്നുകൂടി ശക്തിപ്പെടുത്തുകയും അഴിമതിക്കാരായി കയ്യിൽകിട്ടുന്ന ആരെയും ഡിപ്പാർട്ടുമെന്റിൽ തുടരുവാൻ ഇടയാക്കാതെ പിരിച്ചുവിടത്തക്കവണ്ണം ആർഡർ കൊടുക്കുകയും ചെയ്യുന്നതു നന്നായിരിക്കും. അഴിമതിക്കാരുടെ മേലുള്ള ശിക്ഷ മാതൃകാപരമായിരുന്നാലേ അഴിമതിക്കു കുറവുണ്ടാകുകയുള്ളു. ഞാനും ഒരു ഡിവിഷൻ പേഷ്കാരും ക്യാമ്പ് ഷെഡ്ഡിൽ വച്ച് സംസാരിച്ചുകൊണ്ടിരുന്ന അവസരത്തിൽ അദ്ദേഹം ഒരു സബ് രജിസ്ത്രാർ ജോലിക്കു അപേക്ഷിക്കുവാൻ പോകുകയാണെന്നും സബ് രജിസ്ത്രാർക്കു ലഭിക്കുന്ന ആദായം അദ്ദേഹത്തിനു കിട്ടുന്ന ശമ്പളത്തേക്കാൾ വളരെ കൂടുതലാണെന്നും ഈ വിവരം ഗവൺമെന്റിനെ മനസ്സിലാക്കുന്നതിനുവേണ്ടിയാണ് ഞാൻ ഈ ഉദ്യോഗത്തിനു അപേക്ഷിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

**PRESIDENT**: I have not received the application yet.

**MR. K. P. KOCHUKORA THARAKAN**: അതുകൊണ്ടു സബ് രജിസ്റ്ററന്മാരുടെ ആദായം എന്താണെന്നു എല്ലാവരും മനസ്സിലാക്കിക്കഴിഞ്ഞു. രജിസ്ത്രേഷൻ ഡയറക്ടരവർകളും ഡിസ്ത്രിക്ട് രജിസ്ത്രാറന്മാരും ഈ കാര്യത്തിൽ നല്ലപോലെ നിഷ്കർഷിക്കുകയും കൊള്ളക്കാരെയും കൈക്കൂലിക്കാരെയും ഈ ഡിപ്പാർട്ടുമെന്റിൽ നിന്നു നിഷ്കാസനം ചെയ്യുകയും ചെയ്യണമെന്നു പറയാനാണു ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നതു്. രജിസ്ത്രേഷൻ ഡയറക്ടർ ഈ വിഷയത്തിൽ നല്ലപോലെ ശ്രദ്ധിക്കുന്നുണ്ടു്. അതുകൊണ്ടു അദ്ദേഹത്തെ ഞാൻ കുററപ്പെടുത്തുന്നില്ല. എന്നാൽ ഡിസ്ത്രിക്ട് രജിസ്ത്രാറന്മാർ ഈ വിഷയത്തിൽ അമാന്തക്കാരായി കാണുന്നുണ്ടു്. അവരെയുംകൂടി ഊർജ്ജിതമായി പ്രവർത്തിപ്പിക്കത്തക്കവണ്ണം വേണ്ട നിഷ്കർഷകൾ ചെയ്യണമെന്നാണു ഞാൻ പറയുന്നതു്. വലിയ സംഖ്യയുള്ള ആധാരങ്ങളുടെ വിഷയത്തിൽ സബ് രജിസ്റ്റാറന്മാർ സൌജന്യം കാണിക്കണം. ചെറിയ ആധാരങ്ങളായാലും മുപ്പതും നാല്പതും കക്ഷികളുൾപ്പെട്ട ആധാരങ്ങൾ രജിസ്റ്ററാക്കുന്നതിൽ അതായതു സ്ത്രീകളുള്ളതും കൂടുതൽ കക്ഷികളുള്ളതും ആയ ആധാരങ്ങൾ രജിസ്റ്ററാക്കുന്നതിൽ സബ് രജിസ്ത്രന്മാർ സൌജന്യം കാണിക്കുന്നതിനും ഏർപ്പാടു ചെയ്യണം എന്നാണു ഞാൻ പറയുന്നതു്. ഇത്രയുംപേർ ആധാരം രജിസ്റ്റർ ചെയ്യാൻ വന്ന അന്നോ അതിനടുത്ത ദിവസമോ രജിസ്റ്റർ ചെയ്യാൻ സാധിക്കാതെ അവിടെ താമസിക്കേ

[Mr. K. P. Kochukora Tharakan]

ങ്ങളതായി വന്നുപോയാൽ അവരുടെ ശാപ്പാട്ട ചിലവുതന്നെ ഒരു വലിയ തുകയാകും. ആ സ്ഥിതിക്ക അവർ കൈക്കൂലി കൊടുക്കാൻ നിർബന്ധിതരായിത്തീരുന്നു. അങ്ങിനെയുള്ള ആധാരങ്ങൾ വച്ചുതാമസിക്കാതെ ഉടനടി രജിസ്റ്റർ ചെയ്യുന്നതിന വേണ്ട ചട്ടംകെട്ടലുകൾ നടത്തണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

**SADASYATILAKA T. K. VELU PILLAI:** I wish to support this motion because I think this subject is very important. Next to food supply, no question is more important in Travancore to-day than this.

**PRESIDENT:** Registration?

**SADASYATILAKA T. K. VELU PILLAI:** Yes, Sir. When I felt that subject is so important, I thought that I would crave your indulgence to make a few remarks. The Registration Department is now guided by a good and efficient officer, but it is one officer guiding a number of other officers who are in a kind of safety and security—that is the point which I wish to place before you. The Registration Department was, Sir, always in a favourable circumstance. When I was a very young man, one of my elderly friends suggested that the Registration Department was the best department to make money, because he had seen his grand father who was a Registrar making a lot of money quietly in those old days. For sometime I was wondering if it could be true.

**PRESIDENT:** The general reputation of the department elsewhere was that people cultivated religion largely.

**SADASYATILAKA T. K. VELU PILLAI:** That may be in other places where the temptation is not so much.

**PRESIDENT:** Religious denominations get their biggest reinforcements from this department.

**SADASYATILAKA T. K. VELU PILLAI:** When big people adopt a certain course, other people follow them. In the days of Justice Sada siva Iyer it was theosophy which was in vogue.

Recently I have seen instances of corruption. I am not casting any reflection upon the head of the Department or the Government. One day when I went to conduct a case in a first class Court, two of my old dependents I saw coming towards me. I asked them why they came there. One of them stated that they came to have a document registered and almost triumphantly he said that he escaped payment of large sum. He had paid only six rupees! It may be regarded as a piece of good luck. Immediately after the event he comes and tells me, "I know a number of cases in which payments have been made though I escaped payment of a large sum." I do not want to attack anybody. Bribery in the Registration Department is a commisserate arrangement. If a Police Inspector accepts bribe or a Tahsildar takes a bribe

that will attract attention. But in the Registration Department it evokes no attention at all. Every man who wants to go away sooner than another will think it is worth his while to pay an amount and get the document registered. When there are thirty to forty people clustered for registration, to keep them for a day in that place would mean very much more than the paltry payment to be made to the Sub-Registrar As a matter of fact, there are very many people here who know that at the time of partition many Sub-Registrars got more than a share of the property divided. There are very prominent names which I remember very well.

Now, Sir, I am thinking what can be done. Human nature cannot be corrected. And so long as we continue our existence in this planet we have to accept facts as they are presented to us. One idea struck me as I listened to the speeches. I am placing it to the House. It may be right or it may be wrong. The Sub-Registrar is a man with some position in this country even though his pay is very small. Even when the Sub-Registrars were getting Rs. 30 or 40 they were considered as very dignified officers. But the work they have to do is of a very mechanical character. Only one or two acts, the Stamp Act etc., have to be read. When the rules are clear, when the work is rather easy, when there is an efficent officer to control the Department and when there are qualified, educated men as District Registrars and when the Government is very vigilant in scrutinizing the work, it should, I hope be possible to appoint more officers on a less pay. In support of that I may say this. I know one of the devices which these people resort to. A Sub-Registrar, if he is a corrupt man, goes to office and finds that he has thirty or thirty-five documents to register. I am talking subject to correction. He begins with No. 15. So when he comes to the 30th or 35th he will pretend that the whole thing is done. If he is propitiated then he begins all over again from 1, 2, 3 up to 15 or else the whole business is supposed to be over for the day. And there are some Sub-Registrars who are living practically in the office at night so that his business can be carried out more safely. I do not want to make any attack upon the higher officers. But these are the facts. A flying visit or a surprise visit by the Director of Registration may not be able to improve matters. So I put the question before Government whether we cannot have more officers better distributed—of course there are any number of graduates—so that if a man cannot have his document registered by one Sub Registrar, he can take it to the next and thus these officers themselves will form a sort of check upon each other. I think that is the only thing that can be done.

**MR. K. MADHAVA KURUP**: Sir, Mr. Kunju Panicker has moved similar token motions with identical legends in the Excise, Land Revenue and Forest Demands. He is apparently anxious that efficiency in the Registration Department should be increased and that corruption should be stopped.

During this year, Sir, this department has been working under great pressure, a pressure which began from about the middle of last

[Mr. K. Madhava Kurup.]

year. About 437,500 documents were registered in 1100, which figure was then considered to be the highest. In the succeeding years there was recorded a fall and the number was 364, 588 in 1116; last year the number rose to 456,205, a record figure. But that record has been broken, it has been actually smashed this year; the number of documents registered has come up to 6,94,605 till the first of Karkadagom 1118. Thus there has been an increase of 3,00,000 documents since 1116. And though the Sub-Registrars and their staff have been working under great pressure they have been subjected to great criticism.

In regard to corruption, the Sub-Registrars and their staff are placed at a very great disadvantage. They are in a disadvantageous position in two respects. On an average more than 3,000 documents are brought to Sub-Registrars daily and every document has two or three parties. I do not think there is any other department which deals with 10,000 people in a day. To me the wonder is that the complaints are so few. As a matter of fact, during 1118, during the last eleven months, I have received only about 18 complaints about the Sub-Registrars. One morning when I went into the Additional Sub-Registrar's office, at Trivandrum I saw that 116 documents were presented at 11-30. The Sub-Registrar has necssarily to reject some and ask the parties to come the next day as it is not possible to register ordinarily more than fifty or sixty documents. Those who are disappointed will naturally complain. Even those who get their documents registered will not hesitate to complain if they have paid, as the Sub-Registrar has no continuing jursdiction and the parties have nothing to fear as from a Police Inspector. There are certain rules observed in the matter of acceptance of the documents. When the documents are received, they are numbered in serial order and taken for registration. There is preference shown to women, to old men, and to parties who come from long distances. These rules may not always be followed by all Sub-Registrars. There was such a heavy rush of documents during the last six months that the Sub-Rregistrars and staff had to work over-time. In spite of that, complaints were made about them.

**MR. KOTTALIL P. ABRAHAM:** May I know the nature of the complaints made against the Sub-Registrars?

**MR. K. MADHAVA KURUP:** There were complaints of corruption against some of them. I myself enquired into some of those cases and the others were enquired into by the District Registrars. In one instance where I myself investigated, the parties who made the complaints did appear. But usually complainants do not run up and in cases where they appear they deny their signatures. In the instance where the complainants furnished evidence, the Sub-Registrar's services were dispensed with.

**MR. K. P. KOCHUKORA THARAKAN:** സബ് രജിസ്ട്രാറന്മാർ ഇനിയും യാതൊരും പണം വാങ്ങിക്കുന്നില്ലേ ?

**MR. K. MADHAVA KURUP** : I know that many Sub-Registrars who are not doing that. But this year as I said only about 18 petitions have been received against the Sub-Registrars complaining about corruption. In all cases enquiries were made and action was taken. Even without petitions I enquire into the cases of corruption. As a result of enquiries conducted by me, three Sub-Registrars were punished.

**MR. P. SIVARAMA PILLAI** : May I know the nature of the punishment meted out to them ?

**MR. K. MADHAVA KURUP** : One was placed under suspension and three were dismissed. When a large number of documents is brought for registration, it is usual on the part of most people to take advantage of the situation and request the Sub-Registrar to take up his document for registration earlier. It is the duty of the public to see that such things are not allowed. If there is that adequate help and co-operation from the public, such things could not have happened. Government are alive to the need for checking corruption and have ordered that drastic action should be taken.

The motion was, by leave of the House, withdrawn.

**MR. P. V. MATHAI CHEMPARATHY** : Sir, I move :

